**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3546** 12/12/2014-**ൽ മറുപടിയ്ക്ക്**

**"ജി.ഐ.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ"**

| ചോദ്യം<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ.കെ.ദാസൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.റ്റി.എ.റഹീം | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ തയ്യാറാക്കാനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ആസ്തി വിവരം തയ്യാറാക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005 ൽ സർക്കാർ MGP യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എം.എസ്) നം.363/2005/തസ്വഭവ നമ്പർ ഉത്തരവ് 02.12.2005 ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെത്തുടർന്ന് അവ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റു മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു.<br>ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും, ആയതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു. |
| (സി) | റോഡ് മാപ്പിംഗിനും കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്ത് യോഗ്യതയുള്ള ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത് ; ഇവയുടെ പുരോഗതി വിശദമാക്കാമോ ; എത്ര ശതമാനം തദ്ദേശ സ്ഥാപനങ്ങൾ ഇവ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ ; | (സി) | ബാധകമല്ല |
| (ഡി) | ഇതു സംബന്ധിച്ച് സംസ്ഥാന ധനകമ്മീഷൻ നൽകിയ ശുപാർശകൾ എന്തെല്ലാമായിരുന്നു.; ഇതിന്റെയടിസ്ഥാനത്തിൽ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ